(സി) എത്ര കാലയളവിനുള്ളിൽ ഓട്ടോറിക്ഷയുടെയും ടാക്സിയുടെയും ഫെയർമീറ്റർ കാലിബ്രേറ്റുചെയ്യുമെന്ന് വ്യക്തമാക്കുമോ ;

(ഡി) രാത്രി 10 മണി മുതൽ രാവിലെ 6 മണിവരെ ഓട്ടോറിക്ഷയ്ക്ക് നൽകേണ്ട യാത്രാക്കൂലിയുടെ താരിഫ് എത്രയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) എത്രയും വേഗം ചെയ്യുന്നതാണ്.

(ഡി) തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിലും, കണ്ണൂർ, പാലക്കാട്, കോട്ടയം എന്നീ ഠൗണുകളിലും രാത്രി 10 മണിക്കും പുലർച്ചെ 5 മണിക്കും ഇടയ്ക്കുള്ള സമയത്ത് മീറ്റർ ചാർജിന്റെ 50% അധികം നൽകേണ്ടതാണ്. മറ്റ് സ്ഥലങ്ങളിൽ പോക്കും വരവും ഉണ്ടെങ്കിൽ മീറ്റർ ചാർജ് മാത്രവും പോക്ക് മാത്രമാണെങ്കിൽ മീറ്റർ ചാർജിൽനിന്നും 12 രൂപ (മിനിമം ചാർജ്) കുറച്ച് ബാക്കി തുകയുടെ 50% അധികം നൽകേണ്ടതാണ്.

മല്ലപ്പള്ളി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ സബ്ഡിപ്പോ ആയി ഉയർത്തുവാൻ നടപടി

162 (1890) ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മല്ലപ്പള്ളി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ സബ്ഡിപ്പോ ആയി ഉയർത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ എന്നുമുതൽ ;

(ബി) ഇക്കാര്യം ഉന്നയിച്ച് ആരെങ്കിലും നിവേദനം നൽകിയിരുന്നോ ; എങ്കിൽ ആരൊക്കെ ; ഏതൊക്കെ തീയതികളിൽ ;

(സി) 2001-ൽ സെന്റർ ആരംഭിച്ചതുമുതൽ ഇവിടെ എ.ടി.ഒ.യെ പോസ്റ്റു ചെയ്തിരുന്നോ ; അന്നുമുതൽ ഇത് ഓപ്പറേറ്റിംഗ് സെന്റർ ആയിരുന്നില്ലേ ;

(ഡി) സബ്ഡിപ്പോ ആക്കാനുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇവിടെ ഏതൊക്കെ തസ്തികകൾ പുതുതായി ഉണ്ടാകും ; എത്ര പുതിയ ബസ്സുകൾ ലഭിക്കും ; മറ്റ് എന്തുക്രമീകരണങ്ങൾ ഉണ്ടാകും ;

(ഇ) നിലവിലുള്ള 32 ഷെഡ്യൂളുകളിൽ ബ്രേക്ക്ഡൗൺ കാരണം ദിവസവും ശരാശരി 4 ഷെഡ്യൂളുകളെങ്കിലും റദ്ദാക്കപ്പെടുന്നു എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുവാൻ കൂടുതൽ ബസ്സുകൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മല്ലപ്പള്ളി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ സബ്ഡിപ്പോ ആയി ഉയർത്തുന്നതിന് തീരുമാനം എടുത്തിട്ടില്ല. എന്നാൽ സർവ്വീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേക്കായി അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസറെ 3-2-2011-ലെ ഉത്തരവിൻപ്രകാരം നിയമിച്ചിട്ടുണ്ട്.

(ബി) പരിശോധിച്ച് മറുപടി നൽകുന്നതാണ്.

(സി) ഇല്ല. 2001 മുതൽ ഓപ്പറേറ്റിംഗ് സെന്റർ എന്ന നിലയിലാണ് പ്രവർത്തിച്ചുവരുന്നത്.

(ഡി) മല്ലപ്പള്ളി ഓപ്പറേറ്റിംഗ് സെന്ററിനെ സബ്ഡിപ്പോ ആയി ഉയർത്തിയിട്ടില്ല. നിലവിൽ ടി ഓപ്പറേറ്റിംഗ് സെന്ററിൽനിന്നും നടത്തുവാനായി നിശ്ചയിക്കപ്പെട്ട ഷെഡ്യൂളുകളുടെ നടത്തിപ്പിനായി ചുവടെ ചേർത്തിരിക്കുന്ന പ്രകാരം ജീവനക്കാരെ അനുവദിച്ചിട്ടുണ്ട് :

സൂപ്രണ്ട്	-	1
അസി: ഡിപ്പോ എൻജിനിയർ	-	1
ചാർജ്മാൻ	-	1
കണ്ടക്ടർ	-	94
ഡ്രൈവർ	-	93
മെക്കാനിക്കൽ വിഭാഗം	-	23
സ്റ്റേഷൻമാസ്റ്റർ	-	3
ഇൻസ്പെക്ടർ	-	2
വെഹിക്കിൾ സൂപ്പർവൈസർ	-	2
ഗാർഡ്	-	3
സ്റ്റോർ വിഭാഗം	-	1

സബ്ഡിപ്പോ ആയി ഉയർത്തുകയും കൂടുതൽ സർവ്വീസുകൾ അനുവദിക്കുകയും ചെയ്യുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ കൂടുതൽ ബസ്സും ജീവനക്കാരെയും നൽകുന്നതാണ്.

(ഇ) ബ്രേക്ക്ഡൗൺമൂലം ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്യാറില്ല. എന്നാൽ ട്രിപ്പുകൾ ക്യാൻസൽ ചെയ്യേണ്ടതായി വരാറുണ്ട്. അറ്റകുറ്റപണികൾക്കായി ബസ്സുകൾ മാറ്റുമ്പോൾ ക്യാൻസലേഷൻ കുറയ്ക്കുന്നതിനാവശ്യമായ ബസ്സുകൾ പുതിയവ നിരത്തിലിറങ്ങുന്ന മുറയ്ക്ക് അനുവദിക്കുന്നതാണ്.